പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.112** **06.02.2020 ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

**ചോദ്യം**

**ഡോ.എൻ. ജയരാജ്**

**ശ്രീ.റോഷി അഗസ്റ്റിൻ**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) കേരളത്തിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് മലബാർ മേഖലാ ഓഫീസുകളിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷകൾ മടക്കി നൽകുന്നതായ വാർത്തകളുടെ നിജസ്ഥിതി യെന്താണെന്ന് അറിയിക്കുമോ;<br>(ബി) നഷ്ടപരിഹാര അപേക്ഷകൾ അധികൃതർ മടക്കുന്നത് ടെൻഡർ നടപടികളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുമോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം/1956 ലെ ദേശീയപാത നിയമം എന്നിവ പ്രകാരം തയ്യാറാക്കിയ പ്രൊപ്പോസലുകളിന്മേൽ 1037.28 കോടി രൂപ ഇതുവരെ ദേശീയപാത അതോറിറ്റി അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട ഫണ്ട് റിക്വസ്റ്റുകൾ NHAI മുമ്പാകെ സമർപ്പിച്ചതിൽ കാർഷികവിളകളുടെ വിലനിർണയം സംബന്ധിച്ചും സബ്ഡിവിഷൻ റെക്കോർഡുകൾ സംബന്ധിച്ചും ആവശ്യപ്പെട്ട വിശദീകരണങ്ങൾ ബന്ധപ്പെട്ട CALA യൂണിറ്റുകളിൽ നിന്ന് യഥാസമയം നൽകിയിട്ടുണ്ട്<br>മറിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) സംസ്ഥാനത്തെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും കിഫ്ബിയും തമ്മിലുണ്ടാക്കിയ ത്രികക്ഷി കരാറിലെ വ്യവസ്ഥകളുടെ നടത്തിപ്പിൽ ഏതെങ്കിലും ഘട്ടത്തിൽ കേന്ദ്രസർക്കാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) ഇല്ല |

**സെക്ഷൻ ഓഫീസർ**